**പുതിയ അംഗത്തിന്റെ സത്യപ്രതിജ്ഞ**

നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ് (ശ്രീമതി പി. ജയലക്ഷ്മി): സർ, ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 333 നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ നിയമസഭയിലേക്ക് നാമനിർദ്ദേശം ചെയ്തിട്ടുള്ള ശ്രീ. ജോൺ ഫെർണാണ്ടസ് സത്യപ്രതിജ്ഞയ്ക്കായി ഇവിടെ സന്നിഹിതനായിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: ജോൺ ഫെർണാണ്ടസ് ആയ ഞാൻ നിയമസഭയിലെ ഒരംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.